**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5955** **09-11-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ആയത് തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2017 മുതൽ 2021 സെപ്റ്റംബർ വരെ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു. അതിക്രമം തടയൽ നിയമം ശരിയായ രീതിയിൽ കൈകാര്യം ചെയ്യുന്നതിനും കേസുകൾ വർദ്ധിക്കാതിരിക്കുന്നതിനും പോലീസ് ഉൾപ്പെടെയുള്ള വകുപ്പുകളോട് ചേർന്ന് നിയമപ്രകാരം ലഭിക്കുന്ന അവകാശങ്ങളെക്കുറിച്ചും ധനസഹായങ്ങളെക്കുറിച്ചും ബോധവൽകരണ പരിപാടികൾ, സെമിനാറുകൾ, ലഘുരേഖ വിതരണം തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. അതിക്രമം തടയൽ നിയമം പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകൾ ഡി.വൈ.എസ്.പി. റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർ അന്വേഷിച്ച് കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്. അതിക്രമത്തിനിരയായവർക്ക് നിയമപ്രകാരമുള്ള സമാശ്വാസധനസഹായവും കൂടാതെ പുനരധിവാസം ആവശ്യമുള്ള ഭൂമിയില്ലാത്തവർക്ക് ഭൂമി, വീടില്ലാത്തവർക്ക് വീട്, ആശ്രിതർക്ക് പെൻഷൻ എന്നിവയും നൽകി വരുന്നുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമം 1989 പ്രകാരം സംസ്ഥാനതല ഉന്നതാധികാര വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റിയും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികളും അവലോകനം നടത്തുന്നുണ്ട്. ജില്ലാ പോലീസ് മേധാവികൾ എല്ലാ മാസവും കേസുകളുടെ അവലോകനം നടത്തുകയും കൂടാതെ പ്രത്യേക അദാലത്തുകൾ നടത്തുകയും പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ പ്രശ്നങ്ങളും പരാതികളും നേരിട്ട് മനസ്സിലാക്കി ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭ**
**മൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **5955** **09.11.2021-** ലെ മറുപടിയ്ക്ക്

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ

| | ചോദ്യം<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | മറുപടി<br>കെ.രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ആയത് തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | എ) | സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2017 മുതൽ 2021 സെപ്റ്റംബർ വരെ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു.<br>അതിക്രമം തടയൽ നിയമം ശരിയായ രീതിയിൽ കൈകാര്യം ചെയ്യുന്നതിനും കേസുകൾ വർദ്ധിക്കാതിരിക്കുന്നതിനും പോലീസ് ഉൾപ്പെടെയുള്ള വകുപ്പുകളോട് ചേർന്ന് നിയമപ്രകാരം ലഭിക്കുന്ന അവകാശങ്ങളെക്കുറിച്ചും ധനസഹായങ്ങളെക്കുറിച്ചും ബോധവൽകരണ പരിപാടികൾ, സെമിനാറുകൾ, ലഘുരേഖ വിതരണം തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.<br>അതിക്രമം തടയൽ നിയമം പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകൾ ഡി.വൈ.എസ്.പി. റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർ അന്വേഷിച്ച് കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്. അതിക്രമത്തിനിരയായവർക്ക് നിയമപ്രകാരമുള്ള സമാശ്വാസധനസഹായവും കൂടാതെ പുനരധിവാസം ആവശ്യമുള്ള ഭൂമിയില്ലാത്തവർക്ക് ഭൂമി, വീടില്ലാത്തവർക്ക് വീട്, ആശ്രിതർക്ക് പെൻഷൻ എന്നിവയും നൽകി വരുന്നുണ്ട്.<br>പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമം 1989 പ്രകാരം സംസ്ഥാനതല ഉന്നതാധികാര വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റിയും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികളും അവലോകനം നടത്തുന്നുണ്ട്. ജില്ലാ പോലീസ് മേധാവികൾ എല്ലാ മാസവും കേസുകളുടെ അവലോകനം നടത്തുകയും കൂടാതെ പ്രത്യേക അദാലത്തുകൾ നടത്തുകയും പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ പ്രശ്നങ്ങളും പരാതികളും നേരിട്ട് മനസ്സിലാക്കി ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**

<u>**അനുബന്ധം**</u>

| പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | | |
|---|---|---|
| വർഷം | പട്ടികജാതി | പട്ടികവർഗ്ഗം |
| 2017 | 916 | 144 |
| 2018 | 887 | 138 |
| 2019 | 858 | 140 |
| 2020 | 846 | 130 |
| 2021 സെപ്റ്റംബർ വരെ | 703 | 101 |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | | |
|---|---|---|
| വർഷം | പട്ടികജാതി | പട്ടികവർഗ്ഗം |
| 2017 | 916 | 144 |
| 2018 | 887 | 138 |
| 2019 | 858 | 140 |
| 2020 | 846 | 130 |
| 2021 സെപ്റ്റംബർ വരെ | 703 | 101 |

**സെക്ഷൻ ഓഫീസർ**